**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1683          05/12/2014-ൽ മറുപടിയ്ക്ക്

# വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

| | |
|---|---|
| എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. വിലയിലെ അസ്ഥിരത: കഴിഞ്ഞ വർഷം ഒരു ചാക്ക് (60 കിലോഗ്രാം) പച്ച ഇഞ്ചിക്ക് 7000/- രൂപ വരെ വിലവന്നിരുന്നത് ഈ വർഷം 1500/- രൂപ ആയി.<br>2. **വർദ്ധിച്ച കൃഷി ചിലവ്:** കൃഷി ചെലവ് ഏക്കറിന് ഒരു ലക്ഷം രൂപയിൽ അധികമാണ്. എന്നാൽ, ഡവലപ്മെന്റ് ഓഫ് സ്പൈസസ് പദ്ധതി പ്രകാരവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ഇഞ്ചികൃഷിയ്ക്ക് ഏക്കറിന് 5000 രൂപ മാത്രമാണ് ധനസഹായമായി നൽകുന്നത്. ഇതിനാൽ, വയനാട് ജില്ലയിലെ ധാരാളം കർഷകർ കർണ്ണാടക സംസ്ഥാനത്ത് പോയി ഭൂമി പാട്ടത്തിന് എടുത്ത് ഇഞ്ചികൃഷി ചെയ്യുന്നുണ്ട്.<br>3. **കീടരോഗബാധ:** 'മഹാളി' എന്ന് കൃഷിക്കാർ വിളിക്കുന്ന 'സോഫ്റ്റ് റോട്ട്' എന്ന രോഗം വ്യാപകമായി കാണുന്നു. |
| ബി) പ്രസ്തുത കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ഒന്ന് വയനാട് ജില്ലയിൽ സുൽത്താൻബത്തേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മൊത്തവ്യാപാര |

| | | | |
|---|---|---|---|
| | | | വിപണികളിൽ നേരിട്ട് എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിനനുസരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലവും ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതുമൂലവും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. |
| സി) | ജില്ലയിൽ ആധുനിക ഇഞ്ചി സംസ്കരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | വയനാട് ജില്ലയിൽ വാല്യു അഡീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ഐ.ഐ.എസ്.റ്റി (National Institute for Interdisciplinary Science and Technology ) യും എം.ആർ.സി.എം.പി.യു ( Malabar Regional Co-Operative Milk Producers Union Ltd) വും സംയുക്തമായി 255.27533 ലക്ഷം രൂപയുടെ ഇഞ്ചി സംസ്ക്കരണത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ